മാതൃഭൂമി
Mathrubhumi

# വെബിനാർ നടത്തി

**കോയമ്പത്തൂർ** ▸ വന്യജീവിവാരാഘോഷത്തിൽ കാവുകളെയും നഗരപ്പച്ചപ്പിനെയും കുറിച്ച് വെബിനാർ നടത്തി.

സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് കോവിഡിൻെറ പശ്ചാത്തലത്തിൽ ഓൺലൈനായി സംഘടിപ്പിച്ചത്. മധ്യമേഖല കൺസർവേറ്റർ ഡോ. സി. മീനാക്ഷി ഉദ്ഘാടനംചെയ്തു.

മുഖ്യവിഷയത്തിൽ കോയമ്പത്തൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ സീനിയർ പ്രിൻസിപ്പൽ സയൻറിസ്റ്റും എൻ.വി.എസ്. കോ-ഓർഡിനേറ്ററുമായ ഡോ. സി.എസ്. കണ്ണൻ മുഖ്യപ്രഭാഷണം നടത്തി. മുൻ ഡെപ്യൂട്ടി കൺസർവേറ്റർ ഡോ. എ.സി. ഇന്ദുചൂഡൻ, അസിസ്റ്റൻറ് കൺസർവേറ്റർമാരായ എ. മാധവൻ, കെ. ചന്ദ്രൻ എന്നിവർ സംസാരിച്ചു.

230. News in Mathrubhumi, Palakkad, 04.10.2020, Webinar on Conservation of Sacred Groves and Urban Greenery as part of Wildlife Week Celebrations by Kerala Forests and Wildlife Department.